ഉത്തരം

(എ) വളം അനുവദിച്ചു നൽകുന്നത് കേന്ദ്ര രാസവളമന്ത്രാലയമാണ്. ഇപ്പോൾ അനുവദിച്ച കാട്ടയ്ക്ക് പുറമെ 10000 ടൺ ഹാക്ടംഫോസ് കൂടി അധികമായി അനുവദിക്കണമെന്ന് കേന്ദ്ര രാസവള മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ചില സഹകരണങ്ങളിൽ അമോണിയം സൾഫേറ്റുകൂടി വാങ്ങാൻ നിർബന്ധിക്കുന്നതായി ആക്ഷേപമുണ്ട്.

(സി) കൃഷിവകുപ്പ് അത്തരം ഒരു സർക്കുലർ നൽകിയിട്ടില്ല. FACT അത്തരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ട് എങ്കിൽ ആ നയം തുടരരുതെന്ന് FACT -നെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര രാസവളമന്ത്രാലയം സബ്സിഡി നൽകുന്ന വളങ്ങൾ കർഷകർക്ക് വിതരണം ചെയ്യുമ്പോൾ നിർബന്ധപൂർവ്വം മറ്റൊരു വളവും അടിച്ചേൽപ്പിക്കരുതെന്ന് എല്ലാ വളം കമ്പനികളേയും അറിയിച്ചിട്ടുണ്ട്.

(ഇ) 59.51% സബ്സിഡി നൽകുന്നുണ്ട്.

എഫ്.എ.സി.ടി.-യിൽ നിന്നും ഹാക്ടംഫോസും യൂറിയയും സബ്സിഡി നിരക്കിൽ ലഭിക്കുന്നതിന് നടപടി

217 (4290) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ഹാക്ടംഫോസും, യൂറിയയും കിലോയ്ക്ക് എത്രരൂപ നിരക്കിലാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) എഫ്.എ.സി.ടി.-യിൽ നിന്നും ഹാക്ടംഫോസും, യൂറിയയും സബ്സിഡി നിരക്കിൽ ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര കൃഷി മന്ത്രാലയത്തിലേക്ക് സംസ്ഥാന കൃഷി വകുപ്പ് അപേക്ഷ സമർപ്പിച്ചിരുന്നോ ;

(സി) എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും അതിന്മേൽ എന്ത് നടപടിയാണ് കേന്ദ്ര സർക്കാർ എടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) യൂറിയയുടെ MRP ടണ്ണിനു 5,310 രൂപയും ഹാക്ടംഫോസിനു 6,895 രൂപയുമാണ്.

(ബി) യൂറിയ, പൊട്ടാഷ് എൻ.പി.കെ. കോംപ്ലക്സ് വളങ്ങൾ ഡി.എ.പി. എന്നിവയുടെ ആവശ്യകത കേന്ദ്ര ഗവൺമെന്റിനെ മുൻകൂട്ടി തന്നെ അറിയിച്ചിട്ടുണ്ട്.

(സി) എല്ലാ മാസവും ആവശ്യമായ വളത്തിന്റെ കണക്ക് തിരിച്ചുള്ള കാട്ട മുൻമാസം തന്നെ കേന്ദ്ര രാസവള മന്ത്രാലയം അനുവദിക്കുന്നതിൻ പ്രകാരമാണ് കമ്പനികൾ വളം വിതരണം ചെയ്യുന്നത്. ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കാരണത്താൽ ഈ വളം മതിയാകാതെ വന്നാൽ സംസ്ഥാനം അപ്പോൾ തന്നെ കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും പ്രശ്നം പരിഹരിക്കുകയും ചെയ്യുന്നുണ്ട്. FACT-ന് യൂറിയയുടെ ഉത്പാദനമില്ല. ഇറക്കുമതി ചെയ്യുന്ന യൂറിയയാണ് FACT നൽകുന്നത്. ഇറക്കുമതി ചെയ്യുന്ന യൂറിയയുടെ കൂട്ട കേന്ദ്ര രാസവള മന്ത്രാലയം മുൻകൂട്ടി അറിയിക്കാറില്ല. ഈ സീസണിൽ ഇതുവരെ FACT-ന് യൂറിയയുടെ കൂട്ട അനുവദിച്ചിട്ടില്ല. IFFCO, KRIBHCO എന്നീ കമ്പനികൾക്കാണ് ഈ സീസണിൽ ഇറക്കുമതി ചെയ്ത യൂറിയയുടെ കൂട്ട നൽകിയത്. ഹാക്കംഫോസിന്റെ കാര്യത്തിൽ കേന്ദ്ര രാസവള മന്ത്രാലയം കേരളത്തിന് പ്രത്യേക പരിഗണന നൽകുകയും ആവശ്യപ്പെടുന്ന അളവിൽ സംസ്ഥാനത്തിന് ഹാക്കംഫോസ് നൽകുകയും ചെയ്യുന്നുണ്ട്.

ഹാക്കംഫോസ് ലഭ്യമാകുന്നതിന് അമോണിയം സൾഫേറ്റും കൂടി വാങ്ങണം എന്ന നിബന്ധന

218 (4291) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഞ്ചകൃഷിക്ക് അടിവളമായി ഉപയോഗിക്കുന്ന ഹാക്കംഫോസ് ലഭ്യമാകുന്നതിന് അമോണിയം സൾഫേറ്റ് കൂടി വാങ്ങണം എന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ ;

(സി) ഹാക്കംഫോസ് സുലഭമായി കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കായൽ നിലങ്ങളിൽ വർഷങ്ങളായി മൂടങ്ങികിടക്കുന്ന മണ്ണ് പരിശോധന നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഹാക്കംഫോസ് നൽകുന്നതിനു FACT അമോണിയെ സൾഫേറ്റ് നിർബന്ധപൂർവ്വം എടുപ്പിക്കുന്നതായി ചില റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നടപടി അടിയന്തരമായി അവസാനിപ്പിക്കാൻ FACT-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസ അവലോകന യോഗത്തിൽ രേഖാമൂലം താക്കീത് നൽകിയിട്ടുണ്ട്.

(ഡി) കുട്ടനാട് മേഖലയിലെ മണ്ണുപരിശോധനയ്ക്കായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടം നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly